## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3400 — 21-12-2012 - ലെ മറുപടിയ്ക്ക്

# കാർഷിക പാക്കേജുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. തോമസ് ചാണ്ടി<br>,, എ.കെ. ശശീന്ദ്രൻ | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിക്കുന്ന ഏതൊക്കെ കാർഷിക പാക്കേജുകളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിക്കുന്ന കുട്ടനാട്, ഇടുക്കി എന്നീ പാക്കേജുകളാണ് സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കുന്നത്. |
| (ബി) കുട്ടനാട്, വയനാട്, ഇടുക്കി കാർഷിക പാക്കേജുകൾ നടപ്പിലാക്കുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;<br><br>(സി) പ്രസ്തുത പാക്കേജുകൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇതു വരെ എത്ര തുക അനുവദിച്ചെന്നും എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ ? | (ബി) & (സി) | കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1) 2008 ജൂലൈയിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചതിനു ശേഷം പാക്കേജിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായി സംസ്ഥാന സർക്കാർ 3 കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.<br>a) ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ പ്രോസ്പിരിറ്റി കൗൺസിൽ.<br>b) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കോ-ഓർഡിനേഷൻ കമ്മിറ്റി.<br>c) കാർഷികോൽപാദന കമ്മീഷണർ അദ്ധ്യക്ഷനായ Task Implementation Committee.<br>2) 50 ലക്ഷത്തിന് താഴെയുള്ള 17 പദ്ധതികൾക്ക് (4.56 കോടി രൂപയുടെ) സംസ്ഥാന സർക്കാർ നിർവ്വഹണ അനുമതി നൽകുകയും ഇവ അവസാന ഘട്ടത്തിലാണ്.<br>3) തണ്ണീർമുക്കം ബണ്ട് തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണത്തിനുള്ള പ്രവൃത്തിയുടെ ഭാഗമായി ഇവയുടെ പഠനം IIT ചെന്നൈയെയും CWRDM കോഴിക്കോടിനെയും ചുമതലപ്പെടുത്തി ഒരു |

Memorandum of Understanding (MOU) 2009 ജൂണിൽ ഒപ്പുവെച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 2010 ജനുവരിയിൽ ഒരു ഇടക്കാല റിപ്പോർട്ടു ലഭിച്ചു. അന്തിമ പഠന റിപ്പോർട്ട് 2011 ഡിസംബറിൽ ലഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം എൻജിനീയറിംഗ് കോളേജുമായി സഹകരിച്ച് 78.29 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി സംസ്ഥാന സാങ്കേതിക അനുമതി കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

4) എ.സി. കനാലിന്റെ നിർമ്മാണത്തിനായിട്ടുള്ള സർവ്വേയ്ക്കും മണ്ണ് പരിശോധനയ്ക്കുമായി 12 ലക്ഷം രൂപ സംസ്ഥാന സർക്കാർ വകയിരുത്തി. ഇതിന്റെ ഭാഗമായി എ.സി.കനാലിന്റെ മനക്കൽച്ചിറ മുതൽ ഒന്നാംകര വരെയുള്ള 20.69 കോടി രൂപയുടെ ഒന്നാംഘട്ട പദ്ധതിയ്ക്ക് 13-ാം ധനകാര്യ കമ്മിഷൻ കീഴിൽ അനുമതി ലഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടമായ ഒന്നാംകര മുതൽ നെടുമുടി വരെയുള്ള പ്രദേശത്തിന്റെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

5) ഇറിഗേഷൻ വകുപ്പിൻ കീഴിൽ വരുന്ന പ്രവൃത്തികളുടെ സുഗമമായ നിർവ്വഹണത്തിനായി ചീഫ് എൻജിനീയർ തലവനായി പാക്കേജിന് മാത്രമായ ഒരു ഇറിഗേഷൻ സർക്കിൾ സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

6) പ്രൊഫ എം.എസ്.സ്വാമിനാഥൻ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഇറിഗേഷൻ വകുപ്പിന്റെ അടങ്കൽ തുക 1518.50 കോടി രൂപയാണ്. എന്നാൽ നിലവിൽ 3669.08 കോടി രൂപയുടെ പദ്ധതികൾ ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. അതായത് 2150.58 രൂപ വർദ്ധനവുണ്ടായിട്ടുണ്ട്. Flood Management Scheme പ്രകാരമാണ് ജലസേചന വകുപ്പിന്റെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുള്ളത്. അധികരിച്ച തുക കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി ബഹു. മുഖ്യമന്ത്രി, ബഹു. കൃഷി മന്ത്രി എന്നിവർ യോഗം ചേർന്ന് അവലോകനം നടത്തിയിട്ടുണ്ട്.

7) കുട്ടനാട് പാക്കേജിൻ കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി ഒരു

വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്. www.kuttanad package.in

8) പാക്കേജിൻ കീഴിൽ വരുന്ന പ്രവർത്തനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി റേഡിയോ കുട്ടനാട് ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

9) പാക്കേജിൻ കീഴിൽ കാർഷിക ഉപകരണങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. പാക്കേജിൻ കീഴിൽ നാളിതുവരെ 150 കൊയ്ത്ത് മെതിയന്ത്രങ്ങൾ, 50 ടില്ലറുകൾ, 50 ട്രാക്ടറുകൾ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്. 328 പെട്ടി പറ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

പാക്കേജിൻ കീഴിൽ മുഖ്യ നിർവ്വഹണ വകുപ്പ് ജലസേചന വകുപ്പാണ്. മറ്റ് നിർവ്വഹണ വകുപ്പുകൾ അനുബന്ധമായി ചേർത്തിട്ടുള്ള സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള പ്രവർത്തികൾ നടപ്പിലാക്കി വരുന്നു. ജലസേചന വകുപ്പിന്റെ പദ്ധതികൾ ഒഴികെ മറ്റ് വകുപ്പുകൾ വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഭൂരിഭാഗവും പൂർത്തീകരിച്ചു കഴിഞ്ഞു.

2008 നവംബർ 8 ന് കേന്ദ്ര അംഗീകാരം ലഭിച്ചതിനു ശേഷം ഇടുക്കി പാക്കേജിന്റെ കാര്യക്ഷമമായ നിർവ്വഹണത്തിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാക്കേജിന്റെ നിർവ്വഹണ പുരോഗതി തുടർച്ചയായി വിലയിരുത്തുന്നതിലേയ്ക്കായി 3 കമ്മിറ്റികളാണ് രൂപീകരിച്ചിട്ടുള്ളത്.

a) ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഇടുക്കി ഐശ്വര്യ സമിതി.

b) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഇടുക്കി കർമ്മ സമിതി.

c) കാർഷികോൽപാദന കമ്മീഷണർ അദ്ധ്യക്ഷനായ കമ്മിറ്റി.

ഇടുക്കി പാക്കേജിൻ കീഴിൽ വരുന്ന പ്രധാന പ്രവൃത്തികളായ മണ്ണ് സംരക്ഷണ പദ്ധതി, ഗ്രാമീണ ഗതാഗതം എന്നിവ ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകൾ വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ പുരോഗമിച്ചു വരുന്നു. റോഡു

നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. ഇടുക്കി പാക്കേജിൻ കീഴിൽ 13-09-12 നു കൂടിയ മുൻ എംപവേർഡ് കമ്മിറ്റിയുടെ തീരുമാനങ്ങൾക്കനുസൃതമായി 9 പദ്ധതികൾക്കായുള്ള പുതുക്കിയ പ്രൊപ്പോസൽ സെക്രട്ടറി (ADF) ന്റെ അദ്ധ്യക്ഷതയിൽ 14-10-12 ന് കൂടിയ എംപവേർഡ് കമ്മിറ്റി യോഗത്തിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

കുട്ടനാട് പാക്കേജിനായി കേന്ദ്ര, സംസ്ഥാന സർക്കാർ നാളിതുവരെ 231.01 കോടി രൂപ റിലീസ് (അനുവദിച്ചിട്ടുണ്ട്) ചെയ്തിട്ടുണ്ട്. ടി തുകയിൽ 136.54 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഇടുക്കി പാക്കേജിനായി കേന്ദ്ര, സംസ്ഥാന സർക്കാർ നാളിതുവരെ 110.19 കോടി രൂപ അനുവദിച്ചിട്ടുണ്ട്. (റിലീസ്) ടി തുകയിൽ 79.07 കോടി രൂപ നാളിതുവരെ വിനിയോഗിച്ചിട്ടുള്ളതാണ്.

വയനാട് പാക്കേജ് സംസ്ഥാന പദ്ധതിയായിട്ടാണ് നടപ്പിലാക്കുന്നത്.

വയനാട് പാക്കേജിൽ ഈ സാമ്പത്തിക വർഷത്തിൽ 2500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി താഴെ പറയുന്ന ഉപ പദ്ധതികൾക്ക് ഇതിനകം അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | പച്ചക്കറി കൃഷി പ്രോത്സാഹന പദ്ധതി | 329.25 |
| 2. | മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം വിപണനം | 500.00 |
| 3. | ജൈവ ഉൽപാദനോപാധികളുടെയും നടീൽ വസ്തുക്കളുടെയും ഉൽപാദനം. | 150.00 |
| 4. | കുരുമുളക് കൃഷി പ്രോത്സാഹനം വ്യാപനം | 879.80 |
| 5. | പ്രോജക്ട് നടപ്പിലാക്കുന്ന യൂണിറ്റ് സ്ഥാപിക്കൽ | 50.00 |
| 6. | മൊബൈൽ അഗ്രോ ക്ലിനിക്കിന്റെ രൂപീകരണ പ്രവർത്തനം. | 25.00 |

| | | |
|---|---|---|
| 7. | വില്ലേജ് കൗൺസിലിംഗ് സെന്ററുകളുടെ പ്രവർത്തനം | 20.00 |
| 8. | ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കൽ | 25.00 |
| 9. | ബോധവൽക്കരണ പ്രവർത്തനം | 10.00 |
| | **ആകെ** | **1989.05** |

സെക്ഷൻ ഓഫീസർ